# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

**സ്റ്റാൻഡേർഡ് – 4**

# ജീവന്റെ നീർച്ചാലുകൾ

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**JEEVANTE NEERCHALUKAL**
**(Malayalam)**

*Text Prepared by*
FR. JOSE PUTHIYEDATH

*Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2009
Price : Rs. 15/-

# ആമുഖം

നിങ്ങൾ നന്നേ ചെറുപ്പത്തിൽ മതബോധനക്ലാസ്സിൽ പഠിച്ചിരുന്ന നാളുകളെക്കുറിച്ച് ഓർമ്മിക്കുവാൻ കഴിയുമോ? അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവയെല്ലാം ഇന്ന് നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കും നൽകേണ്ടതല്ലേ? സൺഡേ സ്കൂളിൽ നിന്ന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയില്ലേ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും നൽകണ്ടേ?

അക്കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയ കാര്യങ്ങൾ ഓർക്കുന്നുണ്ടോ? മതബോധനത്തിലുള്ള താൽപര്യം കുറയ്ക്കുന്ന എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ അവയൊന്നും നമ്മുടെ കുട്ടികൾക്ക് ഉണ്ടാകാതെ നോക്കേണ്ടതല്ലേ?

നിങ്ങളുടെ മുന്നിലിരിക്കുന്ന നാലാം ക്ലാസ്സിലെ കുട്ടികൾക്ക് ശരിയായ വിശ്വാസപരിശീലനം നൽകാനുള്ള പരിശ്രമത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ട്.

ഒപ്പം മറ്റൊരു കാര്യവും കൂടി ഓർമ്മിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും അഭിരുചികളിലും മാറ്റങ്ങൾ ഏറെയുണ്ട്. അതു പരിഗണിച്ചാലേ മതിയാവൂ. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അതിന് ഉപകരിക്കുന്ന പുതിയ പാഠപുസ്തകമാണ് നിങ്ങൾക്ക് പഠിപ്പിക്കാനുള്ളത്. പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അദ്ധ്യാപകസഹായിയാണ് നിങ്ങളുടെ കൈയ്യിലുള്ളത്. കഴിവുകൾ വളർത്തിയും കുറവുകൾ പരിഹരിച്ചും നല്ലൊരു അദ്ധ്യാപകൻ / അദ്ധ്യാപിക ആയിത്തീരാൻ ഇതു നിങ്ങളെ സഹായിക്കും.

# അദ്ധ്യാപകസഹായി എന്ത്? എന്തിന്?

## ഒരു അദ്ധ്യാപക സഹായി

- ◆ പാഠപുസ്തകത്തിന്റെ അനുബന്ധമാണ്
- ◆ അദ്ധ്യാപകന്റെ വഴികാട്ടിയാണ്
- ◆ പാഠങ്ങളുടെ വ്യാഖ്യാന രൂപമാണ്

ഒരു അദ്ധ്യാപകസഹായി പലവിധത്തിൽ അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് ഉപകരിക്കുന്നു:

- ➢ പാഠങ്ങൾ ശരിയായി മനസ്സിലാക്കാൻ
- ➢ പാഠങ്ങൾ നേരായ മാർഗ്ഗത്തിൽ പഠിപ്പിക്കാൻ
- ➢ പാഠങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ സ്വയം ദൂരീകരിക്കാൻ
- ➢ കുട്ടികളുടെ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- ➢ ക്ലാസ്സിലെ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ➢ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ
- ➢ പാഠപുസ്തകം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ
- ➢ അധിക വിവരങ്ങൾ ശേഖരിക്കാൻ
- ➢ സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- ➢ പുതിയ പാഠപുസ്തകത്തിന്റെ സമീപനം ഉൾക്കൊണ്ടു നടപ്പിലാക്കാൻ

**അദ്ധ്യാപനവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന ചോദ്യങ്ങളുണ്ട്**

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

മതബോധനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

**1. മതബോധനം എന്തെന്ന് അറിയണം.**

മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുവാൻ സഹായിക്കുകയാണ് മതബോധനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസ

ത്തിന്റെ അറിവിലേക്കും അനുഭവത്തിലേക്കും ജീവിതത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുകയാണ് ശരിയായ വിശ്വാസപരിശീലനം. "മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാവണം മതബോധനത്തിന്റെ പ്രചോദനഹേതു. പരിശുദ്ധ ത്രിത്വത്തിലുള്ള സഭയുടെ അടിസ്ഥാന വിശ്വാസത്തിന്റെ ബാലപാഠങ്ങളിലേക്ക് കുട്ടികളെ ആനയിക്കുക, കൂദാശകളെക്കുറിച്ച് അറിവു നൽകുക എന്നിവയ്ക്കാണ് പ്രാഥമിക ക്ലാസ്സുകളിലെ മതബോധനത്തിൽ ഊന്നൽ നൽകുന്നത്. എന്താണ് പഠിപ്പിക്കേണ്ടത് എന്ന ചോദ്യത്തിന്റെ ആന്തരാർത്ഥം ഈ വിധത്തിൽ നാം ഗ്രഹിക്കണം.

## 2. കുട്ടികളെ അറിയണം

നാം പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണ്. അവരെ നാം ശരിയായി മനസ്സിലാക്കണം. കുട്ടികളുടെ പ്രായം, പ്രകൃതം, കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം അറിയണം.

കുട്ടികളുടെ കഴിവുകളെക്കുറിച്ച് ഒന്നോർത്തു നോക്കൂ. അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- ചിരിക്കാൻ
- കരയാൻ
- ചിന്തിക്കാൻ
- കാണാൻ
- കേൾക്കാൻ
- ഓടാൻ
- ചാടാൻ
- കളിക്കാൻ
- സംസാരിക്കാൻ ... ഇങ്ങനെ ഒത്തിരിയൊത്തിരി കാര്യങ്ങൾ

ചെയ്യാൻ സാധിക്കും.

കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിച്ചാലോ? ഏതൊക്കെ വിധത്തിലുള്ള സംസാരരീതികൾ കുട്ടികൾ ക്ലാസ്സിൽ പ്രകടിപ്പിക്കും? നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ കുട്ടികൾക്ക് ചെയ്യാനുള്ള കഴിവുണ്ട് ? അവയൊന്ന് നമുക്ക് കുറിച്ചുവയ്ക്കാം.

- ♦ കഥ പറയാൻ
- ♦ പാട്ടുപാടാൻ

- ചോദ്യം ചോദിക്കാൻ
- ഉത്തരം പറയാൻ
- വിശേഷങ്ങൾ പങ്കുവയ്ക്കാൻ
- അറിയാവുന്ന കാര്യങ്ങൾ വിവരിക്കാൻ
- ഭാവനാപരമായി ചിന്തിച്ചുപറയാൻ
- സംഭവങ്ങളെക്കുറിച്ച് വിവരിക്കാൻ
- പരാതികൾ പറയാൻ
- നിർദ്ദേശങ്ങൾ ഉന്നയിക്കാൻ
- ചിത്രം നോക്കി ആശയം പറയാൻ...

**കളിക്കാൻ ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് അതിലൂടെ സാധിക്കുന്ന ഒത്തിരികാര്യങ്ങളുണ്ട്. അവ എന്തൊക്കെയാവാം?**

- നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ
- നിയമങ്ങൾ അനുസരിക്കാൻ
- നിയമം തെറ്റിച്ചാൽ പ്രതികരിക്കാൻ
- തെറ്റുകൾ തിരുത്താൻ
- സന്തോഷം പ്രകടിപ്പിക്കാൻ
- വികാരങ്ങൾ പ്രകടിപ്പിക്കാൻ
- സംഘമായി പ്രവർത്തിക്കാൻ
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടാൻ....

കുട്ടികളെക്കുറിച്ച് അറിയാൻ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അദ്ധ്യാപകൻ/അദ്ധ്യാപിക അവയെല്ലാം അറിഞ്ഞിരുന്നാൽ അദ്ധ്യാപനം കൂടുതൽ അർത്ഥവത്താകും.

കുട്ടികളെ മനസ്സിലാക്കാൻ അദ്ധ്യാപകരെ സഹായിക്കുന്ന പല മാർഗ്ഗങ്ങളുണ്ട്.

- ☐ കുട്ടികളുമായുള്ള ഇടപെടൽ
- ☐ സൂക്ഷ്മനിരീക്ഷണം
- ☐ ശിശുമനഃശാസ്ത്രത്തിലുള്ള അറിവ്
- ☐ അത്തരം പുസ്തകങ്ങളുടെ വായന

## 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം... ഇങ്ങനെയൊരു പുതിയ സാഹചര്യത്തിൽ പുത്തൻപഠനരീതികൾ നാം കുട്ടികൾക്ക് നൽകണം. അദ്ധ്യാപനത്തിൽ നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണം.

നേരത്തെ നാം കണ്ടതുപോലെ നാനാതരം കഴിവുകൾ ഓരോ കുട്ടിയിലുമുണ്ട്. അവ യഥോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനസമ്പ്രദായമാണ് വേണ്ടത്. കളിക്കാനും പ്രവർത്തിക്കാനും ഉത്സാഹമുള്ള കുട്ടികൾക്ക് നാം അതിനവസരം നൽകണം. ഈ വിചാരത്തോടെയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

കേൾക്കാൻ മാത്രമല്ല, പറയാനും കാണാനും വരയ്ക്കാനും എഴുതാനും കളിക്കാനും ഒക്കെ പറ്റിയ നിരവധി പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും നിസ്സാരങ്ങളല്ല. ലളിതമാണെങ്കിലും ഓരോ പ്രവർത്തനത്തിലൂടെയും നമ്മുടെ വിശ്വാസത്തിന്റെ വിവിധ അംശങ്ങളാണ് കുട്ടികൾ നേടുന്നത്. ഈശോയെയും അവിടുന്ന് നൽകുന്ന രക്ഷയേയും കുട്ടികൾക്ക് നൽകാനുള്ള പരിശ്രമത്തിൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കേണ്ടതാണ്. അതിനുവേണ്ടി പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ മതാദ്ധ്യാപകർ തയ്യാറാകണം. ഇക്കാര്യത്തിൽ അദ്ധ്യാപകർക്ക് ഒരളവുവരെ സഹായമേകാൻ ഈ അദ്ധ്യാപക സഹായിക്കു കഴിയും. കിട്ടാവുന്ന ഇടങ്ങളിൽ നിന്നൊക്കെ അദ്ധ്യാപനരീതികളിലുള്ള അറിവും പരിചയവും അദ്ധ്യാപകൻ നേടിയെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രവർത്തനങ്ങളുടെ സവിശേഷതകൾ

മതബോധനക്ലാസ്സിൽ അവതരിപ്പിക്കുന്ന ഏതു പ്രവർത്തനവും വിജയിക്കണമെങ്കിൽ അതിന് ചില സവിശേഷതകൾ ഉണ്ടാകണം. എങ്കിലേ അതുകൊണ്ട് ഫലം കിട്ടുകയുള്ളൂ.

എന്തൊക്കെയാവും ആ സവിശേഷതകൾ?

പഠനത്തിനുവേണ്ടി നാം നൽകുന്ന ഒരു പ്രവർത്തനം–

- കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നത്
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്
- കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നത്
- ഒരു ലക്ഷ്യത്തെ മുൻനിറുത്തിയുള്ളത്
- വിഷയവുമായി ബന്ധമുള്ളത്
- സമയബന്ധിതമായി ചെയ്യാവുന്നത്
- കുട്ടികളുടെ നിലവാരത്തിന് യോജിക്കുന്നത്
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്
- അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് വിലയിരുത്തുവാൻ കഴിയുന്നത് ആയിരിക്കണം.

പാഠപുസ്തകത്തിലെയും അദ്ധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകുമ്പോഴും പുതിയ പ്രവർത്ത

നങ്ങൾ അദ്ധ്യാപകർ കണ്ടെത്തുമ്പോഴും ഇപ്പറഞ്ഞ സവിശേഷ തകൾ ഓർമ്മയിൽ സൂക്ഷിക്കണം.

**അദ്ധ്യാപകൻ / അദ്ധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതു തുടക്കത്തിലെ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.
2. ഒന്നും രണ്ടും ക്ലാസ്സുകളിൽ വരയ്ക്കാനും നിറം കൊടുക്കാനുമുള്ള നിരവധി അവസരങ്ങളുണ്ട്. അതിനാൽ എല്ലാ കുട്ടികൾക്കും പലനിറത്തിലുള്ള സ്കെച്ച് പേനയോ, കളർപെൻസിലോ, ക്രെയോൺസോ ഉണ്ടായിരിക്കണം. പാഠപുസ്തകത്തോടൊപ്പം ഇതും കുട്ടികൾ ക്ലാസ്സിൽ കൊണ്ടുവരേണ്ടതാണ്.
3. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽ വച്ചുമാത്രം ചെയ്യാനുള്ളതാണ്. ഇക്കാര്യം മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ നിർദ്ദേശാനുസരണം മാത്രമേ കുട്ടി പാഠപുസ്തകം ഉപയോഗിക്കാവൂ.
4. കുട്ടികൾക്ക് വീട്ടിൽ വച്ച് ചെയ്യാനുള്ള അധിക പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. അത് വ്യക്തമായി പറഞ്ഞുവിടണം. അങ്ങനെ വരയ്ക്കാനും എഴുതുവാനും ചിത്രങ്ങൾ ഒട്ടിക്കാനുമൊക്കെ പ്രത്യേകം നോട്ടുബുക്ക് കുട്ടികൾക്ക് ഉണ്ടായിരിക്കുന്നത് നല്ലതാണ്. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ താൽപര്യം പോലെ, സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം ചെയ്യേണ്ടതാണ്.

## പാഠത്തിലേക്ക് പ്രവേശിക്കുമ്പോൾ

മതബോധനത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും പുതിയ പഠനരീതിയെക്കുറിച്ചുമൊക്കെ നാം മനസ്സിലാക്കി. ഇനി ഓരോ പാഠവും പ്രത്യേകമായി വിശകലനം ചെയ്യുകയാണ്. പാഠങ്ങളുടെ വിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുമുണ്ട്. അതു താഴെപ്പറയും വിധമാണ്.

**1. കുട്ടികൾ സ്വായത്തമാക്കേണ്ടവ**

ഒരു പാഠത്തിലൂടെ കുട്ടി നേടിയിരിക്കേണ്ട ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവയെ മൂന്നായി തിരിച്ച് അവതരിപ്പിക്കുന്നു. ഒരു പാഠം കുട്ടികൾ പഠിച്ചുകഴിയുമ്പോൾ എന്തൊക്കെ അവർ സ്വന്തമാക്കിയിരിക്കണമെന്ന് അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് വ്യക്തമാകുന്നു. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അപ്പുറത്ത് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇപ്പറഞ്ഞ കാര്യങ്ങൾ

സ്വായത്തമാക്കിയേ മതിയാവൂ.

- ☐ ബോധ്യങ്ങൾ
- ☐ മനോഭാവങ്ങൾ
- ☐ ശീലങ്ങൾ

എന്നിങ്ങനെ വേർതിരിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ കുട്ടികൾക്ക് പകരാനാണ് നാം മറ്റുകാര്യങ്ങളെല്ലാം ചെയ്യുന്നത്.

**2. അദ്ധ്യാപകൻ / അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ**

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. ഒന്നാം/രണ്ടാം/മൂന്നാം/നാലാം ക്ലാസ്സിൽ ചിത്രങ്ങൾ, ചാർട്ടുകൾ എളുപ്പത്തിൽ ശേഖരിക്കാവുന്ന വസ്തുക്കൾ എന്നിവയൊക്കെ അദ്ധ്യാപകൻ/അദ്ധ്യാപിക മുൻകൂട്ടി ഒരുക്കി ക്ലാസ്സിൽ കൊണ്ടുപോകണം. അദ്ധ്യാപകസഹായിയിൽ ചേർത്തിരിക്കുന്നവ കൂടാതെ യുക്തമെന്നു തോന്നുന്നവ, ലഭ്യമാണെങ്കിൽ ഉപയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള ഒരു മാർഗ്ഗനിർദ്ദേശമായി മാത്രം ഇതിലെ സൂചനകൾ കണക്കാക്കിയാൽ മതി.

ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ തുടങ്ങിയവയൊക്കെ ചില പാഠങ്ങളിൽ ആവശ്യമായി വരും. അവയെല്ലാം മനസ്സിലെങ്കിലും തയ്യാറാക്കിയേ ക്ലാസ്സിൽ പോകാവൂ. അവയും ബോധനോപാധികൾ തന്നെയാണ്.

**3. പാഠാവതരണം**

ഓരോ പാഠവും എങ്ങനെ അവതരിപ്പിക്കണം, എവിടെ തുടങ്ങണം, എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നൊക്കെ വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ച് അവതരിപ്പിക്കുന്ന രീതി എന്തായാലും ഒഴിവാക്കണം. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാനും തുടരാനും അവസാനിപ്പിക്കുവാനും കഴിയണം. അതിനുള്ള ചില സൂചനകൾ പാഠാവതരണഭാഗത്ത് നൽകുന്നുണ്ട്. അവയെക്കാൾ നല്ലതെന്നു തോന്നുന്നവ കണ്ടെത്തിയാൽ അത് ഉപയോഗിച്ചാൽ മതി. ഏറ്റവും കൂടുതൽ ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠവതരണമെന്ന് മറക്കരുത്.

കഥപറച്ചിൽ, ചിത്രവായന, അഭിനയം, റോൾപ്ലേ, പാട്ടുകൾ, സംഭാഷണം, ഗ്രൂപ്പുപ്രവർത്തനം തുടങ്ങി ഏതുവിധത്തിലും പാഠാവതരണമാകാം. അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് താൽപര്യവും കഴിവുമുള്ള ഉപാധികൾ ഉപയോഗിച്ചാൽ കൂടുതൽ കാര്യക്ഷമമാകും. കുട്ടികളെ ഈ വിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കൊണ്ടും പാഠം അവതരിപ്പിക്കാവുന്നതാണ്.

**4. പാഠബന്ധിത പ്രവർത്തനങ്ങൾ**

പാഠപുസ്തകത്തിലെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. അത് കണ്ടെത്തി എഴുതാനും സ്വയമേവ എഴുതാനുമുള്ളത് കുട്ടികൾ തനിച്ച് എഴുതട്ടെ. അവർക്ക് സഹായം നൽകിയാൽ മതി. അദ്ധ്യാപക സഹായിയിലെ വാക്കുകളോ, വാക്യങ്ങളോ തന്നെ കുട്ടികൾ എഴുതിക്കാണണമെന്ന് നിർബന്ധം പാടില്ല. ആവശ്യമുള്ളിടത്ത് കുട്ടികളെ സഹായിക്കാൻ അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള സൂചനകൾ മാത്രമായി അവയെ കണ്ടാൽ മതി. കുട്ടികൾക്ക് പൂർത്തിയാക്കാൻ പറ്റാത്തവ അദ്ധ്യാപകസഹായി നോക്കി, അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുമല്ലോ. ഓരോ പാഠത്തിലെയും മുഴുവൻ പ്രവർത്തനങ്ങളും നിർബന്ധമായും ചെയ്തിരിക്കണം.

### 5. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠങ്ങളിൽ ഇല്ലാത്തതും അവയോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണിവ. ഇവയോരോന്നും അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നതാണ്. സന്ദർഭത്തിന് ഇണങ്ങും വിധം കഴിവുള്ളിടത്തോളം അനുബന്ധിത പ്രവർത്തനങ്ങൾ നൽകുന്നതാണ് നല്ലത്. അദ്ധ്യാപക സഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ പാഠഭാഗത്തുനിന്നും തയ്യാറാക്കി ചേർത്തിട്ടുണ്ട്. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നത് നല്ലതാണ്. അനുബന്ധിത പ്രവർത്തനങ്ങളെല്ലാം തന്നെ അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ മനോഭാവത്തിനനുസൃതമായി ചെയ്യേണ്ടതാണെന്ന് ഓർമ്മിക്കുക.

## ഓരോ പാഠത്തിലും ഓർമ്മിക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം. കഴിയുമെങ്കിൽ പാഠ്യവസ്തുക്കളും (Content) പ്രവർത്തനങ്ങളും രണ്ടു ദിവസങ്ങളിലും ഉൾപ്പെടുന്ന വിധത്തിൽ ക്രമീകരിക്കുന്നതാണ് നല്ലത്.

2. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾ ചെയ്യേണ്ടത് ക്ലാസ്സിൽ വച്ചാണ്. അതിനുള്ള സമയം രണ്ടുദിവസങ്ങളിലായി ലഭിക്കും.

3. ഓരോന്നും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് മാതാപിതാക്കളുടെ സഹായത്തോടെ ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാം ദിവസം ചെയ്തുകൊണ്ടുവരത്തക്കവിധം ഒന്നാംദിവസം തന്നെ കുട്ടികളോടു പറഞ്ഞുവിടണം. നാലാംക്ലാസ്സിലെ എല്ലാ പാഠത്തിലും ഓരോ പ്രാർത്ഥന (നമുക്ക് പ്രാർത്ഥിക്കാം) ചേർത്തിട്ടുണ്ട്. അവ ക്ലാസ്സിൽ വച്ച് ആവർത്തിച്ച് ചൊല്ലിക്കൊടുക്കണം. കൈകൾ കൂപ്പാനും ഭക്തിയോടെ പ്രാർത്ഥി

ക്കാനും പഠിപ്പിക്കണം.

4. ഓരോ പാഠത്തിലും ഒന്നോ രണ്ടോ പാട്ട് (നമുക്കു പാടാം) കൊടുത്തിട്ടുണ്ട്. അവ ഈണത്തിൽ പാടാൻ കുട്ടികൾക്ക് അവസരം നൽകണം. ഒറ്റയ്ക്കും സംഘമായും പല ഗ്രൂപ്പുകളായി തിരിഞ്ഞും കുട്ടികൾ ആവർത്തിച്ച് പാടട്ടെ. അനുയോജ്യമായ മറ്റുപാട്ടുകളും നൽകാം. പ്രാർത്ഥനയും പാട്ടും പാഠഭാഗവുമായി ബന്ധമുള്ളതാണെന്ന് ശ്രദ്ധിക്കുമല്ലോ.

5. മനഃപാഠമാക്കാൻ കൊടുത്തിട്ടുള്ളവ കഴിവതും ക്ലാസ്സിൽ വച്ചു തന്നെ ചെയ്യിക്കുക. ഒന്നോ രണ്ടോ തവണ വായിച്ചുകൊടുക്കാം. ഒറ്റയ്ക്കും ഗ്രൂപ്പായും വായിച്ചു പഠിക്കാൻ നിർദ്ദേശിക്കാം. മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങളോ കൈയ്യടിയോ മറ്റെന്തെങ്കിലും അംഗീകാരമോ നൽകാം. ആദ്യമാദ്യം പഠിച്ചു കേൾപ്പിക്കാൻ പ്രചോദനം നൽകുന്നത് നല്ലതാണ്.

6. എന്റെ തീരുമാനം എന്നപേരിൽ കൊടുത്തിരിക്കുന്നവ കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവങ്ങളോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും എന്റെ തീരുമാനം കുട്ടികൾക്ക് വിശദമാക്കിക്കൊടുക്കണം. അത് അവരുടെ തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം.

7. ബൈബിൾ വായന, എന്റെ ബൈബിൾ വാക്യം എന്ന പ്രവർത്തനം കുട്ടികളുടെ ബൈബിൾ പഠനവും പാരായണവും വളർത്താനുള്ളതാണ്. ബൈബിൾ വായിച്ച്, ഇഷ്ടപെട്ട വാക്യം എഴുതിക്കൊണ്ടുവരാനുള്ള നിർദേശം ഒന്നാം ദിവസം നൽകണം. രണ്ടാംദിവസം അതു പരിശോധിക്കുകയും വേണം. ഒന്നാം പാഠം പഠിപ്പിക്കുമ്പോൾ അദ്ധ്യാപകൻ/അദ്ധ്യാപിക സമ്പൂർണ്ണ ബൈബിൾ ക്ലാസ്സിൽ കൊണ്ടുപോയി ഉൽപത്തി 1:26-31 ഭാഗം വായിച്ചു കേൾപ്പിക്കണം. അതിൽ നിന്ന് ഇഷ്ടപ്പെട്ട ഒരു വാക്യം ഓരോ കുട്ടിയോടും ചോദിച്ച് അത് എഴുതാൻ ആവശ്യപ്പെടണം. ഇതുപോലെ മറ്റുപാഠങ്ങളിൽ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ വായിച്ച് എഴുതണം.

8. മിക്ക പാഠങ്ങളിലും കഥപറയാൻ അവസരങ്ങളുണ്ട്. പരമാവധി സന്ദർഭങ്ങളിൽ കഥപറയാൻ ശ്രമിക്കണം. ഇടയ്ക്ക് കഥ പറയാൻ കുട്ടികൾക്കും അവസരം നൽകണം. താൽപര്യം ഉണർത്തി, ആകാംക്ഷ വളർത്തി, ആശയങ്ങൾ സ്വീകരിക്കാൻ തക്കവിധം കഥ അവതരിപ്പിക്കണം. അതിനു താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- ☐ വിശദാംശങ്ങൾ വിട്ടുകളയാതെ പറയണം.
- ☐ വ്യക്തികളെയും സംഭവങ്ങളെയും വർണ്ണിക്കണം.
- ☐ കുട്ടികൾക്കിണങ്ങുന്ന പദങ്ങളും ഭാഷാശൈലിയും ഉപയോഗിക്കണം.
- ☐ കഥയ്ക്കിടയിൽ ചെറിയ ചോദ്യങ്ങൾ ചോദിക്കണം.
- ☐ കുട്ടികളുടെ സഹായത്തോടെ കഥ പൂർത്തിയാക്കാൻ കഴി

ഞ്ഞാൽ നന്ന്.

- എന്തെങ്കിലുമൊരു കഥ പറഞ്ഞ് അവസാനിപ്പിക്കാതെ വിശ്വാസപരിശീലനത്തിന് ഉപകരിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ കണ്ടെത്തി അവതരിപ്പിക്കുക.

9. കളികൾ സംഘടിപ്പിക്കാനുള്ള നിരവധി സന്ദർഭങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും പാഴാക്കരുത്. കൂടുതൽ കളികൾ കണ്ടെത്തി കുട്ടികൾക്കു നൽകുകയും വേണം. മതബോധനക്ലാസ്സിൽ കളികൾ നൽകുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

- ക്ലാസ്സിന്റെ അന്തരീക്ഷത്തിനുചേർന്ന കളികൾ തെരഞ്ഞെടുക്കണം.
- നിർദ്ദേശങ്ങൾ കൃത്യമായും വ്യക്തമായും നൽകണം.
- നിയമങ്ങൾ പാലിക്കാൻ നിഷ്കർഷിക്കണം.
- വിജയപരാജയങ്ങൾക്കപ്പുറം കളിക്കുക എന്ന പ്രക്രിയയിൽ ഊന്നൽ നൽകണം.
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം.
- കളിയിൽകൂടി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കണം.
- കുട്ടികളുടെ മനോഭാവങ്ങളെയും ശീലങ്ങളെയും വിലയിരുത്താനും തിരുത്താനുമുള്ള അവസരങ്ങളായും കളികളെ ഉപയോഗപ്പെടുത്തണം.

## ഓർമ്മിക്കാൻ മൂന്നുകാര്യങ്ങൾ കൂടി

1. ഈ അദ്ധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവ്വം വായിക്കണം. ഓരോ പാഠവിശകലനവും വായിച്ചു മനസ്സിലാക്കണം. ഒന്നും രണ്ടും മൂന്നും ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അദ്ധ്യാപകസഹായിയിലെ പാഠവിശകലനങ്ങളും വായിക്കുന്നത് അദ്ധ്യാപനത്തെ കൂടുതൽ സമഗ്രമാക്കാൻ സഹായിക്കും.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനുമുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്കു നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടുചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച് കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുനോക്കി ക്ലാസ്സ് നയിക്കാം. ഓരോ അദ്ധ്യാപകനും അദ്ധ്യാപികയ്ക്കും സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. പാഠക്കുറിപ്പുകൾ എഴുതിശീലിക്കുന്നത് കൂടുതൽ നന്നായി ഒരുങ്ങാൻ ഇടവരുത്തും. പലയിടത്തുനിന്നായി ലഭിക്കുന്ന അധിക വിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും.

### പാഠം 1

# ഈശോ ജീവന്റെ ഉറവിടം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. ഈശോയാണ് ജീവൻ നൽകുന്നത്.
2. ഈശോ നൽകുന്ന ജീവൻ ദൈവിക ജീവനാണ്.
3 ഈശോയുടെ വചനം പാലിക്കുമ്പോൾ ദൈവിക ജീവൻ ലഭിക്കുന്നു.

### b) മനോഭാവങ്ങൾ

1. നമുക്ക് ജീവൻ നൽകിയ ദൈവത്തിന് നാം നന്ദിയർപ്പിക്കണം.
2. നമുക്ക് ദൈവികജീവൻ നൽകുന്ന ഈശോയ്ക്ക് നാം നന്ദി പറയണം.
3. ജീവനെ ഞാൻ ആദരിക്കും.

### c) ശീലങ്ങൾ

1. ജീവനുള്ളവയോട് ഞാൻ സഹിഷ്ണുതയോടെ പെരുമാറും
2. ഈശോയുടെ വചനമനുസരിച്ച് ഞാൻ ജീവിക്കും.
3. ഞാൻ ഈശോയെ സ്നേഹിക്കും.

## II. ബോധനോപാധികൾ

പുതിയ നിയമം, മുന്തിരിച്ചെടിയുടെ ചിത്രം, സസ്യത്തിന്റെ വാടിപ്പോയ ഒരു ശാഖ, ചാർട്ട്.

## III. പാഠാവതരണം

ഉണങ്ങിയ ശാഖ കാണിച്ചുകൊണ്ട് ചർച്ചയിലൂടെ പാഠം അവതരിപ്പിക്കാം. എന്തുകൊണ്ട് ഈ ശാഖ ഉണങ്ങിപ്പോയി?

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പാടാം

സ്വയം ഈണം കണ്ടെത്തുവാനും, തനിച്ചും സംഘമായും ആലപിക്കുവാനും കുട്ടികൾക്ക് അവസരം നൽകാവുന്നതാണ്.

### നമുക്കു പ്രാർത്ഥിക്കാം

കൈകൾ കൂപ്പി, ഭക്തിപൂർവ്വം പ്രാർത്ഥന ചൊല്ലാൻ ക്ലാസ്സിൽ അവസരം നൽകണം.

### വചനം വായിക്കാം

വി. ഗ്രന്ഥം ക്ലാസ്സിൽ കൊണ്ടുവരുവാനും പൂജ്യതയോടെ കൈകാര്യം ചെയ്യുവാനും കുട്ടികളെ പരിശീലിപ്പിക്കണം. ഓരോ പാഠത്തോടുമനുബന്ധിച്ച് കൊടുത്തിട്ടുള്ള ബൈബിൾഭാഗം അദ്ധ്യാപിക ആദ്യം വായിച്ചുകൊടുക്കുകയും പിന്നീട് മൗനമായും ഉച്ചത്തിലും വായിക്കുവാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുകയും വേണം. മനഃപാഠമാക്കുവാനുള്ള വചനം കുട്ടികളെ നിർബന്ധമായും പഠിപ്പിക്കണം.

### എന്റെ തീരുമാനം

കുട്ടികളിൽ ശീലമായിത്തീരേണ്ട തീരുമാനങ്ങൾ പാലിക്കുന്നതിൽ അവർ ശ്രദ്ധാലുക്കളാണോ എന്ന കാര്യം പരിശോധിച്ചറിയേണ്ടതാണ്.

### നമുക്കു പ്രവർത്തിക്കാം

പാഠപുസ്തകത്തിലെ നിർദ്ദേശം പാലിക്കുക.

### നമുക്ക് ആടാം പാടാം

അഭിനയഗാനം പരിശീലിപ്പിക്കുക. (നൃത്തത്തിൽ കഴിവുള്ള കുട്ടികളുടെ സഹായം തേടാവുന്നതാണ്.)

### നമുക്ക് ഉത്തരം കണ്ടെത്താം

1. മുന്തിരിച്ചെടിയോടാണ് ഈശോ തന്നെത്തന്നെ ഉപമിച്ചിരിക്കുന്നത്.
2. ദൈവികജീവൻ ലഭിക്കാൻ നാം ഈശോയിൽ വിശ്വസിച്ച് വചനം പാലിക്കണം.
3. അവിടുത്തെ വചനങ്ങൾ പാലിച്ചുകൊണ്ട് ജീവിക്കണം.

4. ഈശോയിൽ നിന്നകലുമ്പോൾ നമുക്ക് ദൈവികജീവൻ നഷ്ടമാകുന്നു.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. ഒരു ചാർട്ടിന്റെ മധ്യഭാഗത്ത് ഈശോയുടെ ചിത്രം ഒട്ടിക്കുക. അതിനുചുറ്റും വരച്ചിരിക്കുന്ന വൃത്തത്തിനുള്ളിൽ കുട്ടികൾ തങ്ങളുടെ പേരുകൾ എഴുതട്ടെ.
2. മുന്തിരിച്ചെടിയുടെ ചിത്രം വരച്ച് നിറം കൊടുക്കുക.
3. മുന്തിരിച്ചെടിയല്ലോ ഞാൻ നിങ്ങളതിൻ ശാഖകളും എന്ന ഗാനം കണ്ടെത്തി എഴുതിക്കൊണ്ടുവരട്ടെ.

## പാഠം 2

# സഭയിലൂടെ ജീവൻ നൽകുന്ന ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. ഈശോ സഭയിലൂടെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.
2. സഭാശരീരത്തിന്റെ ശിരസ്സ് മിശിഹായാണ്.
3. ഈശോ സ്ഥാപിച്ച കൂദാശകളിലൂടെ നമുക്ക് ദൈവിക ജീവൻ ലഭിക്കുന്നു.

### b) മനോഭാവങ്ങൾ

1. സഭയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈശോയെ ഞാൻ മഹത്വപ്പെടുത്തണം.
2. കൂദാശകളിലൂടെ ഈശോ നൽകുന്ന ദൈവിക ജീവൻ നമ്മൾ സ്വീകരിക്കണം.
3. സഭയിലെ അംഗമെന്ന നിലയിൽ ഞാൻ എന്റെ ദൗത്യം നിർവ്വഹിക്കണം.

### c) ശീലങ്ങൾ

1. ഈശോ സ്ഥാപിച്ച കൂദാശകളെ ഞാൻ ഭക്തിപൂർവ്വം സ്വീകരിക്കും.
2. സഭയുടെ പ്രവർത്തനങ്ങളിൽ ഞാൻ പങ്കാളിയാകും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചാർട്ട്, ഉചിതമായ ചിത്രങ്ങൾ, ഒരു സമ്പൂർണ്ണ സസ്യം.

## III. പാഠാവതരണം

ഒരു സമ്പൂർണ്ണ സസ്യത്തിന്റെ വിവിധ ഭാഗങ്ങളെയും അവയുടെ ധർമ്മങ്ങളെയും കുറിച്ചുള്ള ചർച്ചയിലൂടെ പാഠഭാഗത്തേക്ക് കടക്കാവുന്നതാണ്.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**N.B.** ഓരോ പാഠത്തിലെയും നമുക്കു പാടാം, നമുക്കു പ്രാർത്ഥിക്കാം, ഭക്തിപൂർവ്വം വചനം വായിക്കാം, നമുക്ക് ആടാം പാടാം എന്നിവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മുൻ പാഠബന്ധിത പ്രവർത്തനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

### നമുക്കു പ്രവർത്തിക്കാം

| | | |
|---|---|---|
| കണ്ണുകൾ | - | കാണുന്നു |
| കാതുകൾ | - | കേൾക്കുന്നു |
| അധരങ്ങൾ | - | സംസാരിക്കുന്നു |
| മിശിഹാ | - | സഭയുടെ ശിരസ്സ് |
| കൂദാശകൾ | - | ദൈവിക ജീവൻ |

### ഉത്തരം കണ്ടെത്താം

1. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനമനുസരിച്ച് ജീവിക്കുന്നവരുടെ സമൂഹമാണ് തിരുസ്സഭ.
2. മിശിഹായാണ് സഭാശരീരത്തിന്റെ ശിരസ്സ്.
3. ദൈവിക ജീവൻ നമുക്കു നൽകുന്നതിനാണ് ഈശോ കൂദാശകൾ സ്ഥാപിച്ചത്.
4. കുദാശകളിലൂടെ ഈശോ തന്റെ ദൈവിക ജീവൻ നമുക്ക് പകർന്നു നൽകുന്നു.
5. ഈശോയോട് ചേർന്നുനിന്നുകൊണ്ട് നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുമ്പോഴാണ് നാം ദൈവിക ജീവനിൽ വളരുന്നത്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### പട്ടികപ്പെടുത്താം

1. സഭയുടെ അംഗമെന്ന നിലയിൽ നിങ്ങൾക്ക് നിർവ്വഹിക്കുവാൻ സാധിക്കുന്ന കാര്യങ്ങൾ ഏതെല്ലാമെന്ന് പട്ടികപ്പെടുത്തി നോക്കൂ.

   1. തിരുസഭയുടെ കല്പനകൾ അനുസരിക്കും.
   2. ...............................................................................
   3. ...............................................................................

2. സഭാശരീരത്തിന്റെ ശിരസ്സ് മിശിഹായും നാം അവയവങ്ങളുമാണ്. ബോർഡിലോ ചാർട്ടുപേപ്പറിലോ മനുഷ്യശരീരത്തിന്റെ ഔട്ട്ലൈൻ വരക്കുക. അതിൽ ശിരസ്സിന്റെ ഭാഗത്ത് യേശു എന്നെഴുതുക. ബാക്കി ഭാഗങ്ങളിൽ കുട്ടികൾ അവരവരുടെ പേരുകൾ എഴുതട്ടെ.

## പാഠം 3

# കൂദാശകൾ - ജീവൻ നൽകുന്ന ചാലുകൾ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്.

### a) ബോധ്യങ്ങൾ

1. ഈശോ വാഗ്ദാനം ചെയ്ത ജീവജലമാണ് ദൈവിക ജീവൻ.
2. നമ്മിലേക്ക് ദൈവിക ജീവൻ എത്തിക്കുന്ന നീർച്ചാലുകളാണ് കൂദാശകൾ.
3. ദൈവിക ജീവനിൽ വളരുവാൻ കൂദാശകൾ നമ്മെ സഹായിക്കുന്നു.

### b) മനോഭാവങ്ങൾ

1. കൂദാശകൾ ഒരുക്കത്തോടും ഭക്തിയോടും കൂടി സ്വീകരിക്കാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കണം.
2. കൂദാശകളെക്കുറിച്ച് ആദരവോടെ ചിന്തിക്കുകയും പറയുകയും വേണം.

### c) ശീലങ്ങൾ

1. മാമ്മോദീസാ വഴി ലഭിച്ച ദൈവിക ജീവൻ പാപം മൂലം നഷ്ടപ്പെടുത്തുകയില്ല.
2. ദൈവിക ജീവൻ പ്രദാനം ചെയ്ത ദൈവത്തിന് നന്ദി പറയും.

## II. ബോധനോപാധികൾ

റോൾ പ്ലേ (സമരിയാക്കാരിയും ഈശോയും), ചാർട്ടുകൾ, ചിത്രങ്ങൾ, വിശുദ്ധഗ്രന്ഥം.

## III. പാഠാവതരണം

റോൾ പ്ലേ (കിണറ്റിൻ കരയിലെ ഈശോയും സമരിയാക്കാരിയും), ഫ്ളാഷ് കാർഡുകളിലൂടെയുള്ള കഥാവതരണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

തൈലാഭിഷേകം, അനുരഞ്ജനം, തിരുപ്പട്ടം, വിവാഹം.

### നമുക്ക് ഉത്തരം കണ്ടെത്താം

1. നമുക്ക് ദൈവിക ജീവൻ പകർന്നു നൽകുന്ന നീർച്ചാലുകളാണ് കൂദാശകൾ.
2. അദൃശ്യമായ ദൈവിക ജീവൻ നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന, ഈശോ സ്ഥാപിച്ചതും തിരുസഭപരികർമ്മം ചെയ്യുന്നതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.
3. കൂദാശകൾ ഏഴ്: മാമ്മോദീസ, തൈലാഭിഷേകം, വിശുദ്ധ കുർബ്ബാന, അനുരഞ്ജനം, രോഗീലേപനം, തിരുപ്പട്ടം, വിവാഹം.
4. ഒരുക്കത്തോടും ഭക്തിയോടും കൂടിയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. 'നട്ടുച്ചനേരത്ത് കിണറിന്റെ തീരത്ത്' എന്ന ഗാനം അഭിനയ രൂപത്തിലോ നൃത്തരൂപത്തിലോ അവതരിപ്പിക്കുക.

# പാഠം 4

# മാമ്മോദീസ
# ഈശോയിലുള്ള ജനനം

## I. കുട്ടികൾ സ്വായത്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. ദൈവമക്കൾ എന്ന അവസ്ഥയിലേക്കുള്ള ജനനമാണ് മാമ്മോദീസ.
2. മാമ്മോദീസായിലൂടെ ജന്മപാപത്തിൽ നിന്നും കർമ്മപാപത്തിൽ നിന്നും നാം മോചിക്കപ്പെടുന്നു.
3. സഭയുടെ അംഗങ്ങളും സ്വർഗ്ഗത്തിന് അവകാശികളുമാകുന്നു.

### b) മനോഭാവങ്ങൾ

1. ദൈവിക ജീവനും ദൈവപുത്രസ്ഥാനവും മാമ്മോദീസായിലൂടെ നൽകിയ ദൈവത്തിന് നന്ദിയർപ്പിക്കണം.
2. ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ സഭയിൽ ജീവിക്കണം.

### c) ശീലങ്ങൾ

1. എല്ലാ ദിവസവും ഭക്തിപൂർവ്വം വിശ്വാസപ്രമാണം ചൊല്ലും.
2. എന്നിലുള്ള ദൈവിക ജീവൻ നഷ്ടപ്പെടുത്താതെ ജീവിക്കും.

## II. ബോധനോപാധികൾ

ചാർട്ട്, വിശ്വാസപ്രമാണം എഴുതിയ ചാർട്ട്, മാമ്മോദീസാ നൽകുന്ന ഫോട്ടോ, വി. ഗ്രന്ഥം, ചെറിയ വേദോപദേശം.

## III. പാഠാവതരണം

മാമ്മോദീസ നൽകുന്ന ചിത്രത്തിന്റെയോ ഫോട്ടോയുടെയോ സഹായത്തോടെ ഉള്ള ചർച്ചയിലൂടെ പാഠാവതരണം നടത്താം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

വിവരങ്ങൾ ആധികാരികമായിരിക്കണം. അതിനായി മാതാപിതാക്കളുടെ സഹായം തേടാൻ പ്രത്യേകം നിർദ്ദേശം നൽകണം.

### നമുക്ക് ഉത്തരം കണ്ടെത്താം

1. മുങ്ങുക അഥവാ സ്നാനം ചെയ്യുക എന്നതാണ് മാമ്മോദീസ എന്ന വാക്കിന്റെ മൂലാർത്ഥം.
2. മാമ്മോദീസായിലൂടെ നാം പാപത്തിൽ നിന്ന് മോചിക്കപ്പെടുകയും ഈശോയിലുള്ള ജീവിതം ആരംഭിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് മാമ്മോദീസായെ ക്രൈസ്തവജീവിതത്തിന്റെ വാതിൽ എന്ന് വിളിക്കുന്നത്.
3. തൈലം പൂശൽ, തലയിൽ വെള്ളം ഒഴിക്കൽ, വെള്ളവസ്ത്രം ധരിപ്പിക്കൽ, കത്തിച്ച തിരി നൽകൽ എന്നിവയാണ് മാമ്മോദീസായിലെ ദൃശ്യമായ അടയാളങ്ങൾ.
4. പാപമോചനവും ദൈവിക ജീവനും ലഭിക്കുക, ദൈവമക്കളും സഭാംഗങ്ങളും സ്വർഗരാജ്യത്തിന് അവകാശികളുമായി തീരുക എന്നിവയാണ് മാമ്മോദീസായുടെ ഫലങ്ങൾ.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. താഴെ പറയുന്ന കർമ്മങ്ങളുടെ അർത്ഥമെന്ത്?

   രണ്ടാമത്തെ തൈലം പൂശൽ, തലയിൽ വെള്ളമൊഴിക്കൽ, വെള്ളവസ്ത്രം ധരിപ്പിക്കൽ, കത്തിച്ച തിരി നൽകൽ.
2. ദൈവാലയങ്ങളിൽ കാണപ്പെടുന്ന മാമ്മോദീസ തൊട്ടിയുടെ അർത്ഥവും പ്രസക്തിയും എന്തെന്ന് അന്വേഷിച്ചറിയുക.

പാഠം 5

# തൈലാഭിഷേകം ആത്മാവിലുള്ള അഭിഷേകം

## I. കുട്ടികൾ സ്വായത്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ ധൈര്യവും ശക്തിയും ലഭിക്കുന്നു.
2. തൈലാഭിഷേകമെന്ന കൂദാശ ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാൻ നമ്മെ ശക്തരാക്കുന്നു.
3. ആത്മാവിന്റ ഫലങ്ങൾ നമ്മിൽ പരിശുദ്ധാത്മാവ് ജീവിക്കുന്നതിന്റെ അടയാളമാണ്.

### b) മനോഭാവങ്ങൾ

1. പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും ഫലങ്ങളും ലഭിക്കുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കണം.
2. നന്മ തിരഞ്ഞെടുക്കുവാനും തിന്മയെ അകറ്റി നിർത്തുവാനും നാം ശ്രദ്ധിക്കണം.
3. തൈലാഭിഷേകമെന്ന കൂദാശ വേണ്ടത്ര ഒരുക്കത്തോടെ സ്വീകരിക്കണം.

### c) ശീലങ്ങൾ

1. ഞാൻ എപ്പോഴും നന്മ പ്രവർത്തിക്കും.
2. ഈശോയുടെ സാക്ഷിയായി ജീവിക്കും.
3. എന്നെ വിഷമിപ്പിക്കുന്നവരോടു ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

## II. ബോധനോപാധികൾ

പരിശുദ്ധാത്മാവിനെ പ്രതീകവൽക്കരിക്കുന്ന ചിത്രങ്ങൾ (തീനാവ്, പ്രാവ് etc...) ചാർട്ടുകൾ (പരിശുദ്ധാത്മാവിന്റെ വരങ്ങൾ, ദാനങ്ങൾ, ഫലങ്ങൾ തുടങ്ങിയവ എഴുതിയത്).

## III. പാഠാവതരണം

ചിത്രവായന: പേജ് 30-ലെ ചിത്രം ഇതിനായി ഉപയോഗിക്കാവുന്നതാണ്. പരിശുദ്ധാത്മാവിന്റെ ഗാനങ്ങൾ ആലപിച്ചുകൊണ്ടും പാഠാവതരണം നടത്താവുന്നതാണ്.

## IV പാഠബന്ധിത പ്രവർത്തനങ്ങൾ

(ഒന്നാമത്തെ പാഠത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക).

### നമുക്കു പ്രവർത്തിക്കാം

ജപമാല രഹസ്യം കുട്ടികൾ നോട്ടുബുക്കിൽ എഴുതുകയും മനഃപാഠ മാക്കുകയും ചെയ്യട്ടെ. (മഹിമ - 3-ാം രഹസ്യം).

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 32 ബോക്സ് കാണുക.
2. അർത്ഥിയുടെ മേൽ കാർമ്മികൻ കൈവയ്പു പ്രാർത്ഥന നടത്തുകയും നെറ്റിയിൽ തൈലം പൂശുകയും ചെയ്യുന്നതാണ് തൈലാഭിഷേകമെന്ന കൂദാശയുടെ പ്രധാന അടയാളങ്ങൾ.
3. മാമ്മോദീസ, തൈലാഭിഷേകം, വി. കുർബ്ബാന എന്നിവയാണ് സഭയുടെ പ്രവേശക കൂദാശകൾ.
4. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴ് - ജ്ഞാനം, ബുദ്ധി, ആലോചന, അറിവ്, ആത്മശക്തി, ഭക്തി, ദൈവഭയം.
5. പേജ് 33 ബോക്സ് കാണുക.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ചിത്രീകരിച്ചിരിക്കുന്നത് (പേജ് 32) കുട്ടികൾ വരയ്ക്കട്ടെ.
2. സെഹിയോൻ ഊട്ടുശാലയിൽ പ. കന്യകാമറിയത്തിന്റെയും ശ്ലീഹന്മാരുടെയും മേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന സംഭവം കുട്ടികൾ വിവരിക്കട്ടെ.

## പാഠം 6

# വി. കുർബ്ബാന – ജീവൻ നൽകുന്ന ബലി

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ഈശോ സ്വയം ജീവ നർപ്പിച്ചു.
2. പിതാവായ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമാണ് ഈശോയുടെ കുരിശിലെ ബലി.
3. വി. കുർബ്ബാനയാകുന്ന ബലി അർപ്പിക്കുന്നത് ഈശോയുടെ കല്പനയനുസരിച്ചാണ്.

### b) മനോഭാവങ്ങൾ

1. നമുക്കുവേണ്ടി ജീവനർപ്പിച്ച ഈശോയോട് നന്ദിയും സ്നേഹവും ഉള്ളവരായിരിക്കണം.
2. പിതാവിന്റെ ഇഷ്ടം നിറവേറ്റിയ ഈശോയെപ്പോലെ നാമും ഈശോയുടെ ഇഷ്ടം നിറവേറ്റണം.

### c) ശീലങ്ങൾ

1. മറ്റുള്ളവർക്കുവേണ്ടി ഞാൻ ത്യാഗങ്ങൾ അനുഷ്ഠിക്കും.
2. വി. കുർബ്ബാനയിൽ ഭക്തിപൂർവ്വം പങ്കെടുക്കും.
3. രക്ഷയുടെ അടയാളമായ കുരിശ് ഞാൻ ധരിക്കും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചിത്രങ്ങൾ, ചാർട്ടുകൾ, ഗാനങ്ങൾ.

## III. പാഠാവതരണം

കുട്ടികൾ കടലാസുകൊണ്ട് കുരിശ് ഉണ്ടാക്കട്ടെ. തുടർന്ന് കുരിശിനെക്കുറിച്ചുള്ള ചർച്ചയിലൂടെ പാഠഭാഗത്തേക്ക് പ്രവേശിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ദുഃഖത്തിന്റെ 5-ാം രഹസ്യം കുട്ടികൾ നോട്ടുബുക്കിൽ എഴുതുകയും മനഃപാഠമാക്കുകയും ചെയ്യട്ടെ.

### നമുക്ക് ഉത്തരം കണ്ടെത്താം

1. ദൈവത്തെ ആരാധിക്കുക, ദൈവത്തിനു നന്ദിപറയുക, പാപങ്ങൾക്കു മാപ്പപേക്ഷിക്കുക, ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുക എന്നിവയായിരുന്നു പഴയനിയമകാലത്തെ ബലിയർപ്പണത്തിന്റെ ഉദ്ദേശങ്ങൾ.
2. മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ പൂർണ്ണമായി നീക്കിക്കളയുവാനും അവർക്കു ജീവൻ നൽകുവാനുമായി ഈശോ തന്നെത്തന്നെ ബലിയർപ്പിച്ചു.
3. പേജ് 39 ബോക്സ് കാണുക.
4. ദൈവത്തിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുന്നതാണ് ബലിജീവിതത്തിന്റെ കാതൽ.
5. നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിച്ച ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയ്ക്കായി അവിടുത്തോടു ചേർന്ന് സഭ വൈദികന്റെ കരങ്ങളിലൂടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ദൈവപിതാവിനർപ്പിക്കുന്ന ബലിയാണ് വി. കുർബ്ബാന.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. കുട്ടികൾ കുരിശിന്റെ വിവിധ മാതൃകകൾ നിർമ്മിക്കട്ടെ. (മുത്ത്, തീപ്പെട്ടിക്കമ്പ്, കക്കകൾ തുടങ്ങിയ വസ്തുക്കൾ ഉപയോഗപ്പെടുത്താം).
2. കാസയുടെയും പീലാസയുടെയും ചിത്രം വരയ്ക്കട്ടെ. താഴെ യോഹ: 6:55 എഴുതട്ടെ.

പാഠം 7

# വി. കുർബ്ബാന - ജീവന്റെ അപ്പം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. നമ്മുടെ ആത്മീയ ജീവിതത്തെ പരിപോഷിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനാണ് ഈശോ വി. കുർബ്ബാന സ്ഥാപിച്ചത്.
2. വി. കുർബ്ബാനയിൽ ഈശോയുടെ യഥാർത്ഥ ശരീരരക്തങ്ങളാണ് നാം സ്വീകരിക്കുന്നത്.
3. വി. കുർബ്ബാനയാകുന്ന സ്നേഹവിരുന്നിലൂടെ നാമും ഈശോയിൽ ഒന്നാകുന്നു.

### b) മനോഭാവങ്ങൾ

1. തന്റെ ശരീരരക്തങ്ങൾ നമുക്കു നൽകിയ ഈശോയെ നാം സ്തുതിക്കണം.
2. അൾത്താരയിലെ പങ്കുവയ്ക്കൽ ജീവിതത്തിലെ പങ്കുവയ്ക്കലിലേക്ക് നയിക്കണം.

### c) ശീലങ്ങൾ

1. പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യും.
2. വി. കുർബ്ബാന യോഗ്യതയോടെ സ്വീകരിക്കും.

## II. ബോധനോപാധികൾ

വി. കുർബ്ബാന സ്വീകരിക്കുന്ന ഫോട്ടോ (ചിത്രം), ചാർട്ടുകൾ, വി. ഗ്രന്ഥം വിവിധതരം ഭക്ഷണസാധനങ്ങളുടെയും പാനീയങ്ങളുടേയും ചിത്രങ്ങൾ.

## III. പാഠാവതരണം

ടീച്ചർ ഭക്ഷണസാധനങ്ങളുടെയും പാനീയങ്ങളുടെയും ചിത്രങ്ങൾ മേശപ്പുറത്ത് കമഴ്ത്തിവയ്ക്കുന്നു. കുട്ടികൾ വന്ന് ചിത്രങ്ങൾ എടുത്ത് അവ എന്തെന്നും എന്തിനുപകരിക്കുന്നു എന്നും പറയട്ടെ. ഭക്ഷണ പാനീയങ്ങൾ ശാരീരിക ആരോഗ്യത്തിന് ആവശ്യമാണെന്ന് കുട്ടികൾക്കറിയാം. തുടർന്ന് കാസയുടെയും തിരുവോസ്തിയുടെയും ചിത്രങ്ങൾ കാണിച്ചുകൊണ്ട് ആത്മീയ പോഷണം എന്ന വിഷയത്തിലേക്ക് കടക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

പ്രകാശത്തിന്റെ 5-ാം രഹസ്യം കുട്ടികൾ നോട്ടുബുക്കിൽ എഴുതുകയും മനഃപാഠമാക്കുകയും ചെയ്യട്ടെ.

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 43 ബോക്സ് കാണുക.
2. ക്രൈസ്തവരായ നമ്മുടെ ആത്മീയജീവിതത്തെ പരിപോഷിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായി ഈശോ വി. കുർബ്ബാന സ്ഥാപിച്ചു.
3. വി. കുർബ്ബാന ഒരു വിരുന്നായതുകൊണ്ട് അതിൽ പങ്കെടുക്കുന്ന എല്ലാവരും ഈശോ നൽകുന്ന ശരീരരക്തങ്ങൾ യോഗ്യതയോടെ സ്വീകരിക്കണം. അപ്പോഴാണ് വിരുന്ന് പൂർണ്ണമാകുന്നത്.
4. വി. കുർബ്ബാനയാകുന്ന സ്നേഹവിരുന്നിലൂടെ നാം ഈശോയോടും സഭയോടും ഒന്നാകുന്നു. അതിനാൽ വി. കുർബ്ബാനയെ ഐക്യത്തിന്റെ കൂദാശ എന്നു വിളിക്കുന്നു.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. 'വി. കുർബ്ബാനയെ അറിയാൻ, അനുഭവിക്കാൻ' എന്ന പുസ്തകത്തിലെ വി. കുർബ്ബാനയുമായി ബന്ധപ്പെട്ട തിരുവസ്തുക്കൾ പരിചയപ്പെടുത്തുക.
2. ഈശോ അപ്പം വർദ്ധിപ്പിച്ച സംഭവം കഥാരൂപത്തിൽ കുട്ടികൾ അവതരിപ്പിക്കട്ടെ.

## പാഠം 8

# ഈശോയെ സ്വീകരിക്കാൻ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ വിശുദ്ധി ആവശ്യമാണ്.
2. ഈശോയുടെ ശരീരവും രക്തവും സ്വീകരിക്കുന്ന എല്ലാവരും ഈശോയുടെ ദൈവിക ജീവനിൽ പങ്കാളികളാകുന്നു.
3. വി. കുർബ്ബാന സ്വീകരിക്കുവാൻ ഭക്തിയും ഒരുക്കവും ആവശ്യമാണ്.

### b) മനോഭാവങ്ങൾ

1. വി. കുർബ്ബാനയിലൂടെ നമ്മോടൊത്തു വസിക്കുന്ന ഈശോയെ നാം സ്നേഹിക്കണം.
2. തന്റെ ശരീരരക്തങ്ങൾ വഴി നമുക്ക് ദൈവിക ജീവനും പാപമോചനവും നൽകുന്ന ഈശോയോട് നാം നന്ദിയുള്ളവരായിരിക്കണം.

### c) ശീലങ്ങൾ

1. ദിവ്യകാരുണ്യ ഈശോയെ ഞാൻ കൂടെക്കൂടെ സന്ദർശിക്കും.
2. 'പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ ആമ്മേൻ' എന്ന സുകൃതജപം ഞാൻ ഉരുവിടും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചാർട്ടുകൾ, ഗാനങ്ങൾ.

## III. പാഠാവതരണം

"മനസ്സിൽ നിറയും മലിനതയെല്ലാം" (കുർബ്ബാന പുസ്തകം പേജ് 56) എന്ന ഗാനം ആലപിച്ചുകൊണ്ട് ഹൃദയവിശുദ്ധി എന്ന ആശയ ത്തിലേക്ക് കുട്ടികളെ നയിക്കാവുന്നതാണ്.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

വിശുദ്ധി, വിശ്വാസം, ഭക്തി, ഒരുക്കം, കൃപാവരം, ഉപവാസം, ആത്മ ശോധന.

### നമുക്ക് ഉത്തരം കണ്ടെത്താം

1. ഭക്ഷണത്തിനിരുന്നപ്പോൾ ഈശോ അപ്പമെടുത്ത് ആശീർവ ദിച്ച് മുറിച്ച് അവർക്കുകൊടുത്തു. അപ്പോൾ അവരുടെ കണ്ണു കൾ തുറക്കപ്പെട്ടു. അവർ ഈശോയെ തിരിച്ചറിഞ്ഞു.
2. മാരക പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ വി. കുർബ്ബാന സ്വീക രിക്കുന്നതിനുമുമ്പ് അനുരഞ്ജന കൂദാശയിലൂടെ പാപമോ ചനം നേടണം.
3. പേജ് 50 ബോക്സ് കാണുക.
4. വി. കുർബ്ബാന പരസ്പരസ്നേഹത്തിന്റെയും ശുശ്രൂഷയു ടെയും വിരുന്നാണ്. ഒരേ അപ്പത്തിൽ നിന്നു ഭക്ഷിക്കുന്നവർ ഒരുമയിൽ ജീവിക്കണം. പരസ്പരസ്നേഹവും സാഹോദ ര്യവും നാം പ്രകടിപ്പിക്കണം. അങ്ങനെ നാമെല്ലാവരും ഈശോയിൽ ഒന്നായിത്തീരണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. എമ്മാവൂസ് സംഭവം സംഭാഷണരൂപത്തിൽ എഴുതട്ടെ.
2. "വാവാ യേശുനാഥാ" എന്ന ഗാനം കുട്ടികൾ ഭക്തിപൂർവ്വം ആലപിക്കട്ടെ.

## പാഠം 9

# അനുരഞ്ജിതരായ് തീർന്നീടാം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. പാപം വഴി ദൈവത്തിൽ നിന്നകന്നുപോയാലും നമ്മെ കാത്തിരിക്കുന്ന സ്നേഹപിതാവാണ് ദൈവം.
2. നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്കുണ്ടാകുന്ന ദുഃഖവും പാപത്തോടുള്ള വെറുപ്പുമാണ് മനസ്താപം.
3. എല്ലാ പാപങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുന്ന കൂദാശയാണ് അനുരഞ്ജനത്തിന്റെ കൂദാശ.

### b) മനോഭാവങ്ങൾ

1. സ്നേഹം തന്നെയായ ദൈവത്തെ പാപംവഴി വേദനിപ്പിക്കരുത്.
2. പാപം ചെയ്താൽ മനസ്തപിച്ച് ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെടണം.

### c) ശീലങ്ങൾ

1. ഒരുക്കത്തോടെ അനുരഞ്ജന കൂദാശയ്ക്കണയും.
2. പാപ സാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറും.
3. അനുരഞ്ജന കൂദാശ കൂടെക്കൂടെ സ്വീകരിക്കും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചിത്രവായന (ചിത്രം പേജ് 54), ചാർട്ടുകൾ.

## III. പാഠാവതരണം

ചിത്രവായനയിലൂടെയും തുടർന്നുള്ള ചർച്ചയിലൂടെയും പാഠത്തിലേക്ക് കടക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

മനസ്താപപ്രകരണം ടീച്ചർ കുട്ടികൾക്ക് വിശദീകരിച്ചുകൊടുക്കുന്നു. പിന്നീട് അത് കുട്ടികൾ മനഃപാഠമാക്കട്ടെ. മനസ്താപപ്രകരണം എഴുതിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നതും നന്നായിരിക്കും.

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 55 മൂന്നാമത്തെ ഖണ്ഡിക.
2. പേജ് 55 അഞ്ചാമത്തെ ഖണ്ഡിക.
3. മാരകമായ പാപങ്ങൾക്ക് അനുരഞ്ജനകൂദാശയിലൂടെ മോചനം ലഭിക്കുന്നു.
4. അനുരഞ്ജനം പൂർണമാകാൻ പാപം വഴി വേദനിപ്പിച്ച എല്ലാവരോടും രമ്യപ്പെടണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. ധൂർത്തപുത്രന്റെ കഥ റോൾ പ്ലേ ചെയ്യുക.
2. “അനന്തസ്നേഹത്തിൽ ആശ്രയം തേടി മരിച്ചവനൊരുനാൾ തിരിച്ചുവന്നു.” എന്ന ഗാനം ക്ലാസ്സിൽ ആലപിക്കട്ടെ.

# പാഠം 10

# അനുരഞ്ജന കൂദാശ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. പാപങ്ങൾ ഏറ്റുപറയുകയും അവയ്ക്ക് പരിഹാരം ചെയ്യുകയും വേണം.
2. അനുരഞ്ജനകൂദാശ ആന്തരിക സമാധാനവും സന്തോഷവും നൽകുന്നു.
3. പശ്ചാത്താപമില്ലാതെ പാപമോചനം ലഭിക്കുകയില്ല.

### b) മനോഭാവങ്ങൾ

1. പാപികളെ സ്നേഹിക്കുന്ന ഈശോയോടു നാം നന്ദിയും സ്നേഹവും ഉള്ളവരാകണം.
2. നാം വഴി സഹോദരങ്ങൾക്കുണ്ടാകുന്ന തിന്മകൾക്ക് പരിഹാരമനുഷ്ഠിക്കണം.

### c) ശീലങ്ങൾ

1. പാപങ്ങൾക്കു പരിഹാരമായി ചെറിയ ത്യാഗപ്രവൃത്തികൾ ചെയ്യും.
2. മാസത്തിലൊരിക്കലെങ്കിലും അനുരഞ്ജനകൂദാശ സ്വീകരിക്കും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, അനുരഞ്ജനകൂദാശയ്ക്കൊരുക്കമായ 5 കാര്യങ്ങൾ എഴുതിയ ചാർട്ട്, ഫ്ളാഷ് കാർഡുകൾ.

## III. പാഠാവതരണം

ഫ്ളാനൽ ബോർഡിലെ ചിത്രങ്ങൾക്കനുസരിച്ച് കുട്ടികൾ സക്കേവൂസിന്റെ കഥ പൂർത്തിയാക്കട്ടെ. ഈ കഥയിലൂടെ പാഠത്തിലേക്ക് പ്രവേശിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

കുമ്പസാരത്തിനു മുമ്പുള്ള ജപം കുട്ടികൾ നിർബന്ധമായും മനഃപാഠമാക്കേണ്ടതാണ്.

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 61 ബോക്സ്.
2. പേജ് 62 ആദ്യ ഖണ്ഡിക.
3. പേജ് 61 അവസാന ഖണ്ഡിക.
4. പേജ് 62 രണ്ടാം ഖണ്ഡിക.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. "മനസ്സിൽ നിറയും മലിനതയെല്ലാം" എന്ന ഗാനം ക്ലാസ്സിൽ ആലപിക്കാം.
2. അനുരഞ്ജനകൂദാശ സ്വീകരിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഈശോയ്ക്ക് ഒരു കത്തെഴുതുക.

# പാഠം 11
# രോഗീലേപനം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യങ്ങൾ

1. ഈശോ സൗഖ്യദായകനാണ്.
2. രോഗീലേപനമെന്ന കൂദാശവഴി രോഗികളെ സുഖപ്പെടുത്തുവാനുള്ള അധികാരം ഈശോയാണ് സഭയ്ക്ക് നൽകിയത്.
3. രോഗീലേപനം നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്നു.

### b) മനോഭാവങ്ങൾ

1. രോഗികളോട് അനുകമ്പയോടെ പെരുമാറണം.
2. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കണം.

### c) ശീലങ്ങൾ

1. രോഗികളെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്യും.
2. രോഗവും വേദനകളും ഉണ്ടാകുമ്പോൾ ഈശോയോട് പ്രാർത്ഥിക്കും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ഈശോ രോഗികളെ സുഖപ്പെടുത്തുന്ന ചിത്രങ്ങൾ, ചാർട്ടുകൾ.

## III. പാഠാവതരണം

ഈശോ രോഗികളെ സുഖപ്പെടുത്തുന്ന ചിത്രങ്ങൾ കുട്ടികൾക്ക് ചിത്രവായനക്കു നൽകാം. അവർ ആ സംഭവങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് വിവരിക്കട്ടെ. ഈശോ സൗഖ്യദായകനാണെന്ന ബോധ്യത്തി

ലേക്ക് എത്തുവാൻ ഈ പഠനപ്രവർത്തനം സഹായിക്കും. ഇങ്ങനെ പാഠഭാഗത്തിലേക്കു പ്രവേശിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

മദർ തെരേസ, ഫാ. ഡാമിയൻ എന്നിവരുടെ പുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കണം. അവരുടെ ചിത്രങ്ങൾ കുട്ടികൾ ശേഖരിക്കട്ടെ.

### നമുക്ക് ഉത്തരം കണ്ടെത്താം

1. കുഷ്ഠരോഗികൾ, അന്ധർ, ബധിരർ എന്നിവരെയാണ് ഈശോ പരസ്യജീവിതകാലത്ത് സുഖപ്പെടുത്തിയത്.
2. പേജ് 66 മൂന്നാം ഖണ്ഡിക.
3. പേജ് 66 ബോക്സ്.
4. ആത്മാവിന്റെയും ശരീരത്തിന്റെയും വിശുദ്ധീകരണത്തിനും പാപമോചനത്തിനും സൗഖ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥനകളാണ് രോഗീലേപനമെന്ന കൂദാശയിൽ ഉള്ളത്.
5. പേജ് 67 അവസാന ഖണ്ഡിക.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. സാധിക്കുമെങ്കിൽ ടീച്ചറുമൊത്ത് ആശുപത്രിയിൽ രോഗികളെ സന്ദർശിക്കുക.
2. രോഗികളെ ശുശ്രൂഷിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുക.

## പാഠം 12

# തിരുപ്പട്ടം

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

1. ഈശോ നിത്യപുരോഹിതനാണ്.
2. ഈശോ പ്രത്യേകം തിരഞ്ഞെടുത്തവരാണ് വൈദികർ.
3. മാമ്മോദീസായിലൂടെ നാമും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നു.

### b) മനോഭാവങ്ങൾ

1. വൈദികരെ ഈശോയുടെ പ്രതിനിധികളായി കണ്ട് ആദരിക്കണം.
2. നമുക്കു ലഭിച്ച പൊതുപൗരോഹിത്യത്തിൽ അഭിമാനിക്കണം.

### c) ശീലങ്ങൾ

1. വൈദികരെ ബഹുമാനിക്കും.
2. "നിത്യപുരോഹിതനായ ഈശോ" എന്ന പ്രാർത്ഥന മനഃപാഠമാക്കും.
3. പുരോഹിത ദൈവവിളിക്കായി പ്രാർത്ഥിക്കും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ഫ്ളാഷ് കാർഡുകൾ, ചാർട്ടുകൾ.

## III. പാഠാവതരണം

ഭാവിയിൽ ആരായിത്തീരണം എന്ന ചർച്ചയിലൂടെ പാഠഭാഗത്തേയ്ക്ക് പ്രവേശിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ഉത്തരങ്ങൾ ശരിയായി എഴുതുവാൻ കുട്ടികളെ സഹായിക്കാം. അവ മനഃപാഠമാക്കട്ടെ.

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 70 ആദ്യഖണ്ഡിക.
2. പേജ്. 71 ബോക്സ്.
3. പേജ് 71 രണ്ടാം ഖണ്ഡിക.
4. പേജ് 71, 72.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. നല്ലിടയനെക്കുറിച്ചുള്ള ഗാനങ്ങൾ ശേഖരിക്കട്ടെ.
2. കുട്ടികളെ സ്വാധീനിച്ചിട്ടുള്ള വൈദികരെക്കുറിച്ച് സംസാരിക്കട്ടെ.
3. പുരോഹിത ധർമ്മം - ലേവ്യർ - വായിക്കുക.

## പാഠം 13

# വിവാഹം

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

1. ആദ്യകുടുംബം സ്ഥാപിച്ചത് ദൈവമാണ്.
2. വിവാഹം ഒരു കൂദാശയാണ്.
3. ദൈവത്തിന്റെ പ്രതിനിധികളാണ് മാതാപിതാക്കൾ.

### b) മനോഭാവങ്ങൾ

1. ദൈവസ്ഥാപിതമായ കുടുംബത്തിൽ അംഗങ്ങളായതിൽ അഭിമാനിക്കണം.
2. മാതാപിതാക്കളെ നൽകിയ ദൈവത്തിന് നന്ദി പറയണം.

### c) ശീലങ്ങൾ

1. മാതാപിതാക്കളെ അനുസരിക്കും.
2. മാതാപിതാക്കൾക്കുവേണ്ടി ദിവസവും പ്രാർത്ഥിക്കും.
3. കുടുംബത്തിൽ മാതാപിതാക്കളെ അനുസരിച്ചും സ്നേഹിച്ചും ബഹുമാനിച്ചും ജീവിക്കും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, വിവാഹഫോട്ടോ, കുടുംബചിത്രങ്ങൾ, തിരുക്കുടുംബത്തിന്റെ ചിത്രം.

## III. പാഠാവതരണം

കുട്ടികൾ കുടുംബാംഗങ്ങളുടെ പേരുകൾ എഴുതട്ടെ. തുടർന്ന് സ്വന്തം കുടുംബത്തെക്കുറിച്ച് സംസാരിക്കാൻ ചിലർക്ക് അവസരം

നൽകാം. പിന്നീട് തിരുക്കുടുംബത്തിന്റെ ചിത്രം കാണിക്കാം - ഇങ്ങനെ പാഠഭാഗത്തേക്ക് പ്രവേശിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ഈശോ നൽകിയ അനുഗ്രഹങ്ങൾ എഴുതിയത് വായിപ്പിക്കാം.

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 76 ബോക്സ്.
2. പേജ് 76 മൂന്നാം ഖണ്ഡിക.
3. പേജ് 76 അവസാന ഖണ്ഡിക.
4. പേജ് 77 ആദ്യ ഖണ്ഡിക.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. കുടുംബാംഗങ്ങളുടെ നന്മകൾ കുട്ടികൾ എഴുതട്ടെ.
2. പ്രഭാഷകൻ 3-ാം അധ്യായം - മാതാപിതാക്കളോടുള്ള കടമകൾ വായിക്കട്ടെ.

## പാഠം 14

# കൂദാശാനുകരണങ്ങൾ

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

1. കൂദാശാനുകരണങ്ങൾ നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.
2. കുദാശാനുകരണങ്ങൾ സഭയുടെ അധികാരത്താൽ സ്ഥാപിതമാണ്.

### b) മനോഭാവങ്ങൾ

1. നമുക്കായി കൂദാശാനുകരണങ്ങൾ സ്ഥാപിച്ചുനൽകിയ സഭയോട് കൃതജ്ഞതയുള്ളവരാകണം.
2. കൂദാശാനുകരണങ്ങൾ നന്ദിയോടെ സ്വീകരിക്കണം.

### c) ശീലങ്ങൾ

1. കൂദാശാനുകരണ പരികർമ്മവേളകളിൽ ഭക്തിപൂർവ്വം പങ്കെടുക്കും.
2. ദൈവാലയത്തിന്റെ പരിശുദ്ധിക്ക് യോജിച്ചവിധം പെരുമാറും.
3. വെഞ്ചരിച്ച കാശുരൂപം, കൊന്ത, കുരിശ്, ഉത്തരീയം ഇവയിലേതെങ്കിലും വിശ്വാസപൂർവ്വം ധരിക്കും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചാർട്ടുകൾ - കൂദാശകളുടെയും കൂദാശാനുകരണങ്ങളുടെയും പേരുകൾ എഴുതിയ സ്ലിപ്പുകൾ, കൂദാശാനുകരണങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ.

## III. പാഠാവതരണം

കൂദാശകളുടെയും കൂദാശാനുകരണങ്ങളുടെയും പേരുകൾ പ്രത്യേകം പ്രത്യേകം സ്ലിപ്പുകളിൽ എഴുതി ചുരുളുകളാക്കി ഒന്നിച്ച് ഒരു ബോക്സിൽ ഇടുക. കുട്ടികൾ വന്ന് ഓരോന്നായി എടുക്കട്ടെ. പിന്നീട് ഓരോരുത്തരും തനിക്കു കിട്ടിയ സ്ലിപ്പിലെ പേര് ഉറക്കെ വായിക്കുന്നു. ടീച്ചർ അവയെല്ലാം ബോർഡിൽ പട്ടികപ്പെടുത്തട്ടെ. ഇവയിൽ കൂദാശകളുടെ പേരുകൾ ( ) ചെയ്യുന്നു. ബാക്കിയുള്ള പേരുകൾ മറ്റൊരു കോളത്തിലേക്ക് എഴുതുന്നു. ഇവയെക്കുറിച്ച് കുട്ടികൾക്കറിവുള്ള കാര്യങ്ങൾ പങ്കുവയ്ക്കുവാൻ അവസരം നൽകുക.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

കുട്ടികളുടെ നോട്ടുബുക്കിൽ ഈ പ്രവർത്തനം ചെയ്യട്ടെ.

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 80 ബോക്സ്.
2. പേജ് 81 രണ്ടാം ഖണ്ഡിക.
3. പേജ് 81 മൂന്നാം ഖണ്ഡിക.
4. നമ്മുടെ ജീവിതത്തെ ധന്യമാക്കാൻ സഹായിക്കുന്ന കൂദാശാനുകരണങ്ങളെ വിശ്വാസത്തോടും ഒരുക്കത്തോടും കൂടെ സ്വീകരിക്കണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. നിങ്ങളുടെ ഇടവകദൈവാലയം വെഞ്ചെരിച്ച വർഷം അന്വേഷിച്ചറിയുക.
2. സിമിത്തേരി സന്ദർശിച്ച് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക.
3. നിങ്ങളുടെ ഇടവകയിൽ നിന്ന് സന്യാസവ്രതം സ്വീകരിച്ചിട്ടുള്ളവരുടെ പേരുകൾ ശേഖരിക്കുക.

## പാഠം 15

# പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണം

## I. കുട്ടികൾ സ്വന്തമാക്കേണ്ടവ

### a) ബോധ്യങ്ങൾ

1. ഈശോ നിരന്തരം പിതാവിനോട് പ്രാർത്ഥിച്ചിരുന്നു.
2. ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് കർത്തൃപ്രാർത്ഥന.
3. ദൈവവുമായുള്ള സ്നേഹസംഭാഷണമാണ് പ്രാർത്ഥന.
4. നന്മ ചെയ്യുവാനും പ്രലോഭനങ്ങളെ അതിജീവിക്കാനുമുള്ള കൃപ പ്രാർത്ഥനയിലൂടെ ലഭിക്കുന്നു.

### b) മനോഭാവങ്ങൾ

1. സന്തോഷങ്ങളിലും ദുഃഖങ്ങളിലും ആവശ്യങ്ങളിലും ബുദ്ധി മുട്ടുകളിലും വ്യക്തിപരമായി പ്രാർത്ഥിക്കണം.
2. പ്രാർത്ഥനയിലൂടെ ശക്തിനേടി ഈശോയ്ക്ക് പ്രീതികരമായ ജീവിതം നയിക്കണം.
3. നന്മചെയ്യാനുള്ള അനുഗ്രഹത്തിനായും പ്രാർത്ഥിക്കണം.

### c) ശീലങ്ങൾ

1. ഈശോ പഠിപ്പിച്ച പ്രാർത്ഥന ഭക്തിയോടെ ചൊല്ലും.
2. ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളിലും ദൈവത്തോട പ്രാർത്ഥിക്കും.
3. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവർക്കുവേണ്ടി പ്രാർത്ഥി ക്കും.
4. പ്രാർത്ഥനകൾ ഉറക്കെ ചൊല്ലും.

## II. ബോധനോപാധികൾ

വി. ഗ്രന്ഥം, ഈശോ പ്രാർത്ഥിക്കുന്ന ചിത്രം, ചാർട്ടുകൾ, വ്യക്തികൾ പ്രാർത്ഥിക്കുന്ന ചിത്രങ്ങൾ, ഫ്ളാനൽ ബോർഡ്.

## III. പാഠാവതരണം

കുർബ്ബാന പുസ്തകത്തിലെ "സ്വർഗ്ഗസ്ഥിതനാം താതാ നിൻ" എന്ന ഗാനമാലപിച്ച് പാഠാവതരണം നടത്താം. (സ്വർഗ്ഗസ്ഥനായ പിതാവേ എന്ന ജപവും ഉപയോഗിക്കാം).

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

കുട്ടികൾ സ്വന്തമായി എഴുതുന്ന പ്രാർത്ഥന ക്ലാസ്സിൽ ഉറക്കെ വായിക്കട്ടെ. അവ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യാം.

### നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 86 ആദ്യ ഖണ്ഡിക.
2. പേജ് 86 മൂന്നാം ഖണ്ഡിക.
3. പേജ് 88 രണ്ടാം ഖണ്ഡിക.
4. പേജ് 88 അവസാന ഖണ്ഡിക.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

1. ഈശോ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന ഭാഗം വി. ഗ്രന്ഥത്തിൽ നിന്നും വായിക്കുക. (ലൂക്കാ. 11)
2. സ്തുതിപ്പ്, ആരാധന, കൃതജ്ഞത, യാചന, മാധ്യസ്ഥം ഇവയെ സംബന്ധിക്കുന്ന ഗാനങ്ങൾ ശേഖരിക്കുക.